# പി ടി എം എച്ച് എസ് എസ്

# തൃക്കടീരി

# ACADEMIC MASTER PLAN 2025-26

## SCHOOL CODE : 20044

# ACADEMIC MASTERPLAN 2025-26

**വിദ്യാലയത്തിന്റെ പേര് P T M H S S THRIKKADIRI**

**വിലാസം :തൃക്കടീരി PO,പാലക്കാട്,679502**

**ഫോൺ :9645524346**

**സ്കൂൾ കോഡ് :20044**

**വിദ്യാഭ്യാസ ഉപ ജില്ല :ഒറ്റപ്പാലം**

**വിദ്യാഭ്യാസ ജില്ല :ഒറ്റപ്പാലം**

**റവന്യൂ ജില്ല :പാലക്കാട്**

**ബി.ആർ.സി :ഒറ്റപ്പാലം**

**ഗ്രാമ പഞ്ചായത്ത് :തൃക്കടീരി**

**ബ്ലോക്ക് പഞ്ചായത്ത് :ഒറ്റപ്പാലം**

**വില്ലേജ് :തൃക്കടീരി**

**ഇ-മെയിൽ :peeteeyem@gmail.com**

# ഉള്ളടക്കം

## Table of Contents

ആമുഖം.....4
മികവ്.....4
ലക്ഷ്യങ്ങൾ.....6
അക്കാദമികം.....6
ഭൗദികം.....6
വിവിധ പ്രവർത്തനങ്ങൾ.....6
ഉപസംഹാരം.....11

## ആമുഖം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം ബ്ലോക്കിലെ തൃക്കീരി ഗ്രാമപഞ്ചായത്തിലാണ് തൃക്കീരി പി.ടിഎം.ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്.പ്രശാന്ത സുന്ദരമായ പ്രകൃതി സൗഹാർദമായ അന്തരീക്ഷത്തിലാണ് വിദ്യാലയം.1995 ജൂലൈ മാസത്തിൽ പാലാട്ടു പറമ്പിൽ ശ്രീ മുഹമ്മദ് അവർകളുടെ മാനേജ്മെന്റിലാണ് 8ാം ക്ലാസ് മാത്രമുള്ള മൂന്ന് ഡിവിഷനോടു കൂടി ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത്.നേട്ടങ്ങളുടെ പ്രവർത്തനപാതയിൽ എല്ലാവർഷവും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. 2025-26 അക്കാദമികവർഷം 40 ഡിവിഷനുകളിലായി 1970 വിദ്യാർത്ഥികൾ ഹൈസ്കൂളിൽ പഠിക്കുന്നുണ്ട്. 59 അധ്യാപകരും 7 അനദ്ധ്യാപകരും ഉണ്ട്. 6 സ്കൂൾ ബസുകൾ രണ്ട് ട്രിപ്പുകൾ നടത്തി വരുന്നുണ്ട്.

# മികവ്

പാഠ്യ പാഠ്യതരവിഷയങ്ങളിൽ മുന്നിട്ട് നിൽക്കുന്ന ഞങ്ങളുടെ വിദ്യാലയത്തിൽ എസ് എസ് എൽ സി വിജയശതമാനം മികവുറ്റതാണ്. 69 പേർ സമ്പൂർണ്ണ A+ , 23 പേർ 9 A+ നേടി. മറ്റുള്ളവർ ഉയന്ന ഗ്രേഡുകൾ നേടി.

വിദ്യാർത്ഥികളിൽ സംഘടനാപാടവവും , അക്കാദമിക അഭിരുചിയും വളർത്താൻ വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. പഠന വിനോദയാത്രയുടെ ഭാഗമായി കുസാറ്റ്, കലാമണ്ഡലം നെല്ല് ഗവേഷണകേന്ദ്രം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ വായനാശീലം വളർത്താനായി എല്ലാ ക്ലാസ്സിലും ദിനപത്രം ലഭ്യമാണ്. വിപുലമായ പുസ്തകശേഖരണമുള്ള ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ക്ലാസ്സിൽ പത്രവായന പ്രോത്സാഹിപ്പിക്കുന്നുണ്ട്.

2024-25 അധ്യയനവർഷത്തിൽ സബ്ബ്ജില്ല കലോത്സവവേദിയാക്കാൻ ഞങ്ങൾക്ക് സാധിച്ചു... 4 ദിവസത്തെ പരിപാടികൾ വളരെ നല്ല രീതിയിൽ നടന്നു. ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗത്തിന് അഗ്രിഗേറ്റ് ഒന്നാം സ്ഥാനം ലഭിച്ചു. സംസ്കൃതോത്സവത്തിന് ഒന്നാംസ്ഥാനവും അറബികലോത്സവത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചു . സംസ്ഥാനതലത്തിൽ മലപുലയാട്ടം, വട്ടപാട്ട്, മോണോആക്ട് ഉറുദു കഥാരചന എന്നി ഇനങ്ങളിൽ A ഗ്രേഡ് ലഭിച്ചു.

2019-20 അധ്യായനവർഷത്തിൽ Scout and guides ആദ്യ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ 5 Guide യൂണിറ്റും, 3 Scout യൂണിറ്റും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ 160 കുട്ടികൾ രാജ്യപുരസ്കാറിന് അർഹരായി. പരിപാടികൾക്ക് സജീവസാന്നിദ്യമാണ് ഞങ്ങളുടെ Scout and Guide team.

വിദ്യാർത്ഥികളിൽ സേവനമനോഭാവവും , ആരോഗ്യശുചിത്വവും, മാനുഷികമൂല്യവും വളർത്തുക എന്ന ലക്ഷ്യത്തോടെ Junior Red Cross പ്രവത്തിക്കുന്നു. 9,10 ക്ലാസുകളിലായി ബോധവൽക്കരണക്ലാസ്സുകൾ, ക്യാമ്പസ് ക്ലീനിങ്ങ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന കൈറ്റിന്റെ ഒരു സവിശേഷസംരഭമാണ് LITTLE KITES IT club. വിവര വിനിമയ സാങ്കേതികവിദ്യാ രംഗത്ത് ആഴത്തിലും പരപ്പിലുമുള്ള അറിവ് നേടാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുന്നു. 8ാം ക്ലാസിൽ അഭിരുചി പരീക്ഷ നടത്തിയാണ് യൂണിറ്റിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് . 40

കുട്ടികളുമായി ഒരു യൂണിറ്റായി തുടങ്ങിയ നമ്മുടെ വിദ്യാലയത്തിൽ 2023 മുതൽ 2 യൂണിറ്റുകളിലായി 80 കുട്ടികൾ പ്രവർത്തനം സജീവമായി തുടർന്ന് കൊണ്ടിരിക്കുന്നു. പരിശീലനത്തിന്റെ ഭാഗമായി യൂണിറ്റുതല ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. നമ്മുടെ വിദ്യാലയത്തിൽ നിന്നും സംസ്ഥാനതലക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയ വിദ്യാർത്ഥികൾ അലി മുഹ്സിൻ [programming]ഋഷികേഷ് [programming] ആദിൽ കാസിം [animation] എന്നിവരാണ്. സബ്ജില്ല ജില്ല സംസ്ഥാന IT മേളകളിൽ പങ്കാളിത്തം ഉറപ്പ് വരുത്താൻ പരിശീലനം നടത്തുന്നു. ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളായ കുട്ടികളുടെ രക്ഷിതാക്കൾക്ക് Computer പരിശീലനം ലൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

സഹാനുഭൂതി , സഹജീവി സ്നേഹം , കരുതൽ ഇവ കുട്ടായ പ്രവർത്തനത്തിലൂടെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2005 ൽ 'കനിവ്' എന്ന ജീവകാരുണ്യ പ്രവർത്തനം ആരംഭിച്ചു. കുട്ടികൾക്ക് പറ്റുന്ന ഒരു തുക എല്ലാ മാസവും ഈ പദ്ധതിയിലേക്ക് നല്കുന്നു. ഇതിനോടൊപ്പം എല്ലാ staff ഉം പങ്കുചേരുന്നു. ഈ തുക സമ്പാത്തിക പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പഠനചിലവിനും , ചികിത്സാചിലവിനും നല്കിവരുന്നുണ്ട് . എല്ലാവർഷവും ഈ കുട്ടികൾക്ക് ഓണകോടി വീട്ടിൽ പോയി നൽകാറുണ്ട്. കഴിഞ്ഞ അധ്യയന വർഷം, 2 കുട്ടികൾ ആട്ടിൻ കുട്ടികളെ വളർത്താൻ നൽകി.
2015 ൽ ഒരു കുട്ടിക്ക് വീട് വെച്ച് നൽകിയിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

### അക്കാദമികം

വ്യത്യസ്ത പ്രവർത്തനത്തിലൂടെ എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈ വരിച്ചു എന്ന് ഉറപ്പുവരുത്തുക. ഭാഷ വിഷയങ്ങൾ എഴുതാനും ,വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക ,ഗണിതം മധുരമാകാനുള്ള പ്രവർത്തനങ്ങൾ നടത്തുക. ശാസ്ത്ര അഭിരുചി വളർത്തിയെടുക്കാൻ വിദഗ്ധരുടെ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക. പൊതു വിജ്ഞാനം വളർത്താനും വായന ശീലമാക്കാനും വേണ്ടപ്രവർത്തനങ്ങൾ നടത്തുക.

### ഭൗദികം

പണി പൂർത്തിയാവാത്ത ക്ലാസ്സ് മുറികളും ,ശൗചാലയങ്ങളും ഉപയോഗപ്രദമാക്കണം.

കളിസ്ഥലം,**basket ball court** ഇവ മെച്ചപെടുത്തണം. എല്ലാ ക്ലാസിലും **white board** സ്ഥാപിക്കണം.

മെയിൻ റോഡിൽ നിന്ന് സ്കൂളിലേക്ക് റോഡ് ടാർ ചെയ്യണം.

## വിവിധ പ്രവർത്തനങ്ങൾ

| വിദ്യാരംഗം കലാ സാഹിത്യ വേദി | | | | |
|---|---|---|---|---|
| **No 1** | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| **1** | കുട്ടികളുടെ രചനകൾ പ്രോത്സാഹിപ്പിക്കുക.മികച്ച രചനകൾ പ്രസിദ്ധീകരിക്കുക. | ക്ലാസ്സ് മാഗസിൻ തയ്യാറാക്കുക. രചനകളുടെ പതിപ്പ്, യാത്രവിവരണം ഇവ തയ്യാറാക്കുക. | 1 വർഷം | വിദ്യാരംഗം കലാ സാഹിത്യ വേദി. |
| **2** | അനുഷ്ഠാന കലകളെ പരിചയപ്പെടുത്തുക | | | |

സംസ്കൃതം ക്ലബ്ബ് -തൗര്യത്രികം

| **SI.no** | ലക്ഷ്യങ്ങൾ | പ്രവർതാ്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| **1** | പരിസ്ഥിതിയേയും സമുദ്രത്തേയും സംരക്ഷിക്കുക എന്ന അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുക. പൊതുവിജ്ഞാനം വളർത്തുക. | മെഗാ **quiz** മത്സരം മൂന്ന് ഘടങ്ങൾ ആദ്യ മത്സരം **june12 online** ആയി. | 1 മാസം | സംസ്കൃതംക്ലബ് |
| **2** | ' രുചി' ആരോഗ്യശീലം വളർത്തിയെടുക്ക | ആഹാരസുരക്ഷദിനത്തിൽ കുട്ടികൾ തയ്യാറാക്കി കൊണ്ടു വരുന്ന | 1 ആഴ്ച്ച | സംസ്കൃത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ക. | ഭക്ഷണങ്ങൾ അവർ തന്നെ എല്ലാവർക്കും സ്റ്റാളുകൾ ഇട്ട് വില്പന നടത്തുന്നു. | | |

സയൻസ് ക്ലബ്ബ്

| Sl no | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്ര അഭിരുചി വളർത്തുക | ശാസ്ത്രസാങ്കേതിക സർവ്വകലാശാല CUSAT ലേക്ക് പഠനയാത്ര.<br>പ്രഥമ ശുശ്രൂഷ പരിശീലനം .<br>LED നിർമാണം പരിശീലന ക്ലാസ്സ്. | 1 ദിവസം<br>1 ദിവസം<br>1 ദിവസം | സയൻസ് ക്ലബ്ബ്<br>വിദഗ്ധർ നയിക്കുന്ന ക്ലാസ്സുകൾ. |

സോഷ്യൽ സയൻസ്.

| Sl no | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | വായനശീലം പൊതുവിജ്ഞാനം ഇവ വളർത്തിയെടുക്കുക. | ‘ Smart Newsies’ വാർത്ത വായന പരിപാടി രാവിലെ പ്രാർത്ഥന കഴിഞ്ഞ് പ്രധാന വാർത്തകൾ വായിക്കുന്നു. | 1 വർഷം | SS club |

ഗണിത ക്ലബ്ബ്

| SI.no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1<br>2 | നിർമ്മിതികളിലെ സൗന്ദര്യം കണ്ടെത്തുന്നതിന് ഗണിതാശയങ്ങൾ ഉപയോഗിച്ച് രസകരമായ | Geometrical chart വരച്ച് കൊണ്ടുവന്നതിന്റെ പ്രദർശനം<br>Maths puzzle solving competition . | 2 ദിവസം<br>എല്ലാ മാസവും. | Maths club<br>Maths club |

| | | | | |
|---|---|---|---|---|
| | ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് | | | |

**English club**

| SI.no | Objective | Activity | Time | In-charge |
|---|---|---|---|---|
| 1<br><br>2 | Speaking skill<br><br>Reading skill | Describing pictures conducting speech competition. Class-wise reading competition. | 1 year<br><br>1 year | English club<br><br>English club |

കായിക ക്ലബ്ബ്

| SI.no | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കായിക ക്ഷമത വർതിപ്പിക്കുന്നതിന് വിവിത games ഇനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നു. | Football, shuttle, handball, table tennis പ്രത്യേകം പരിശീലനം നല്കുന്നു.രാവിലെ 9.30 വരെയും വൈകുന്നേരം 5.00 വരെയും camp നടത്തുന്നുണ്ട്. PTM school academy എന്ന പേരിൽ കായികാധ്യാപകന്റെ നേതൃത്വത്തിൽ Camp നടത്തുന്നു. | 1 year | കായികാധ്യാപകൻ |

വിമുക്തി ക്ലബ്ബ്

| SI .no | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| | ലഹരിമുക്ത | ലഹരിമുക്ത | 1 വർഷം | വിമുക്തി ക്ലബ്ബ് Scout and |

| | | | | |
|---|---|---|---|---|
| | തലമുറ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന്. | ബോധവൽക്കരണ പരിപാടികൾ. Skit,Expert class | | guides JRC |

അച്ചടക്കം

| SI.no | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളിൽ ഉണ്ടായിരിക്കേണ്ട മൂല്യങ്ങൾ വളർത്തിയെടുക്കുക. | Class ൽ പൊതുമര്യാദകൾ ശുചിത്വം,ആരോഗ്യം ഇവയെ കുറിച്ചുള്ള ക്ലാസ്സുകൾ. | 1 വർഷം | അധ്യാപകർ |
| 2. | She orientation classes | പെൺകുട്ടികൾക്ക് ആരോഗ്യം, കായിക ക്ഷമത, ആത്മരക്ഷ ഇവയെ കുറിച്ചുള്ള അവബോധം. | 1 വർഷം | |
| 3 | കുട്ടികളുടെ സുരക്ഷ ഉറപ്പാകാനും അച്ചടക്കം ഉണ്ടാവാനും. | എല്ലാ ദിവസവും അധ്യാപകർ അടങ്ങുന്ന team 8.45am മുതൽ 5.00 pm വരെ എല്ലാ കുട്ടികളെയും വാഹനങ്ങളിൽ കയറ്റി വിടുന്നു. | 1 വർഷം | |

ഭൗധികം

| SI.no | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ചുറ്റമതിൽ | Manager, PTA, staff ഇവർ കൂടിയിരുന്ന് ആവശ്യകത ചർച്ച ചെയ്യുന്നു. | 1 വർഷം | മാനേജർ |
| 2 | white board | PTA ,Staff | | PTA and |

| | | | | |
|---|---|---|---|---|
| **3**<br><br>**4** | **Road tarring**<br><br>**Open auditorium** | ഇതിന്റെ ആവശ്യകത ചർച്ചചെയ്യുന്നു. **pan chayath president** ന്റുമായി ചർച്ച നടത്തുന്നു. പാലക്കാട് **MP** ശ്രീ. ശ്രീകണ്ഠന് നിവേദനം നൽകിയിട്ടുണ്ട്. | **1** വർഷം<br><br>**2** വർഷം<br><br>**1** വർഷം | **STAFF**<br><br>**Panchayath** |

# ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള കർമ്മപദ്ധതിയാണ് ഈ പ്രവർത്തനങ്ങൾ.വിദ്യാലയത്തിന്റെ പൈതൃകവും അച്ചടക്കവും നിലവാരവും കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.